പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1596

06.03.2017-ൽ മറുപടിക്ക്

## പദ്ധതി വിഹിതത്തിന്റെ വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.റോജി എം. ജോൺ | ഡോ. കെ. ടി. ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി എത്ര തുകയാണ് 2016-17 ൽ നീക്കി വച്ചിരുന്നത്; അതിൽ 2017 ജനുവരി 31 വരെ എത്ര തുക ചെലവഴിച്ചു; | എ) 5500 കോടി രൂപയാണ് 2016-17 നീക്കി വച്ചിരുന്നത്; അതിൽ 19.6% തുക ചെലവഴിച്ചു. |
| ബി) പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം വിനിയോഗമാണ് ഇതുവരെ നടന്നത്; | ബി) പദ്ധതി വിഹിതത്തിന്റെ 29.64% വിനിയോഗമാണ് ഇതുവരെ നടന്നത് |
| സി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2015-16 ലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി എത്ര തുകയാണ് അനുവദിച്ചതെന്നും, 2016 ജനുവരി 31 വരെ എത്ര തുകയാണ് ചെലവഴിച്ചതെന്നും പ്രസ്തുത തുക ആകെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണെന്നും വെളിപ്പെടുത്തുമോ; | സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2015-16 ലെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 4800 കോടി രൂപയാണ്. അനുവദിച്ചത്. 2016 ജനുവരി 31 വരെ 1489 കോടി രൂപയാണ് ചെലവഴിച്ചത്. ഇത് ആകെ പദ്ധതി വിഹിതത്തിന്റെ 31.03 ശതമാനമാണ്. |
| ഡി ആവശ്യമായ ഫണ്ട് ധനകാര്യ വകുപ്പ് അനുവദിക്കാത്തതു കൊണ്ടാണോ പദ്ധതി വിഹിതത്തിൽ കുറവ് വന്നത് എന്ന് വ്യക്തമാക്കുമോ? | ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ